8. ദ്രവമാലിന്യ സംസ്കരണ പദ്ധതി.

9. മലിനജല നിർമ്മാർജന സൗകര്യങ്ങൾ ഉണ്ടാക്കൽ.

കൊച്ചി നഗരത്തെ മാലിന്യമുക്തമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

109 (6027) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. എം. മോനായി :
ശ്രീ. സാജു പോൾ :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിശാലകൊച്ചിയുടെ വികസനം കേന്ദ്ര സർക്കാർ മരവിപ്പിക്കാൻ കാരണമായ മലിനീകരണം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മലിനീകരണം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ മലിനീകരണ നിയന്ത്രണബോർഡും തദ്ദേശ സ്വയംഭരണ വകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാർ മരവിപ്പിക്കൽമൂലം ഏതെല്ലാം വികസന പദ്ധതികളാണ് മുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കൊച്ചി നഗരത്തെ മാലിന്യമുക്തമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ക്രമമായി നടത്തുന്ന ജല, വായു ഗുണനിലവാര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജലം, വായു, മണ്ണ് എന്നിവയുടെ മലിനീകരണ സാധ്യത കണക്കിലെടുത്ത് 'Comprehensive Environment Pollution Index' നെ അടിസ്ഥാനമാക്കി വ്യവസായ ക്ലസ്റ്ററുകളെ Critically Polluted, Severely Pollute എന്നിങ്ങനെ തരംതിരിച്ചു. ഇതിൽ ക്രിറ്റിക്കലി മലിനപ്പെട്ടതായി കണ്ടെത്തിയ 41 വ്യവസായ ക്ലസ്റ്ററുകളിൽ കേന്ദ്ര സർക്കാരിന്റെ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരം എൻവയോൺമെന്റൽ ക്ലിയറൻസ് ആവശ്യമുള്ള വികസന പദ്ധതികൾക്ക് കേന്ദ്രപരിസ്ഥിതി വന മന്ത്രാലയം 2010, ഓഗസ്റ്റ് വരെ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണത്തിനും പ്രതിരോധത്തിനും സുരക്ഷിതത്വത്തിനും ദേശീയ പ്രാധാന്യമുള്ള കാര്യങ്ങൾക്കുമായുള്ള പദ്ധതികൾക്ക് നിരോധനം ബാധകമല്ല. 8 മാസത്തിനുള്ളിൽ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡുമായി ആലോചിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ ഈ പ്രദേശങ്ങളിലെ പരിസ്ഥിതി ഗുണനിലവാരം മെച്ചപ്പെടുത്താൻ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. 2010 ആഗസ്റ്റിനുശേഷം പരിസ്ഥിതി ഗുണനിലവാരം കണക്കിലെടുത്ത് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. 41 ക്രിറ്റിക്കലി പൊലൂട്ടഡ് മേഖലകളിൽ 24 -ാം സ്ഥാനമാണ് വിശാല കൊച്ചിക്കുള്ളത്. ഏലൂർ, ഇടയാർ, അമ്പലമുകൾ പ്രദേശങ്ങളിലാണ്

LIBRARY ARCHIVES Kerala Legislative Assembly

വിശാല കൊച്ചിയിൽ ഉൾപ്പെടുന്ന ക്രിട്ടിക്കലി പൊലൂട്ടഡ് ഇന്റഡസ്ട്രീയൽ ക്ലസ്റ്റേഴ്സ് സ്ഥിതിചെയ്യുന്നത്. ഈ ഭാഗം ഉൾപ്പെടുന്ന 2.8 ശതമാനം ഭാഗത്തുമാത്രമേ വിലക്ക് ബാധകമാകൂ എന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വാദം കേന്ദ്രമലിനീകരണ നിയന്ത്രണബോർഡ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിശാല കൊച്ചിയിൽ ഏർപ്പെടുത്തിയ വിലക്ക് നീക്കാൻ വിശാലകൊച്ചി മേഖലയുടെ മൊത്തത്തിലുള്ള പരിസ്ഥിതി ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള കർമ്മപദ്ധതി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ 13-7-10-ൽ അവതരിപ്പിക്കുകയും കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശാനുസരണം, ഭേദഗതി വരുത്തി, പുതുക്കിയ കർമ്മപദ്ധതി 2010 ജൂലൈ മാസത്തിൽ തന്നെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊണ്ടു വരുന്നതുമാണ്.

(ബി) മലിനീകരണം ഉണ്ടാക്കുന്ന വ്യാവസായങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും സ്ഥാപനാനുമതിയും പ്രവർത്തനാനുമതിയും നിബന്ധനാവിധേയമായി നൽകുകയും ഈ നിബന്ധനകൾ പാലിക്കപ്പെടുന്നുവെന്ന് പരിശോധനകളിലൂടെ ഉറപ്പുവരുത്തുകയും മലിനീകരണ നിയന്ത്രണ ബോർഡ് ചെയ്യുന്നു. നിർദ്ദേശങ്ങൾ പാലിക്കാൻ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ അടച്ചുപൂട്ടൽ ഉത്തരവ് നൽകുകയോ നിയമനടപടികൾ കൈക്കൊള്ളുകയോ ചെയ്യുന്നു. മലിനീകരണം ഉണ്ടാക്കുന്ന/സാധ്യതയുള്ള സ്ഥാപനങ്ങൾക്ക് ബോർഡിന്റെ അനുമതി പത്രം ഉണ്ടെങ്കിൽ മാത്രമേ ലൈസൻസ് നൽകുകയും പുതുക്കുകയും ചെയ്യാവൂ എന്ന് ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുള്ള വ്യവസായശാലകൾക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തനത്തിനുള്ള ലൈസൻസ് നൽകുന്നത്.

(സി) ക്രിട്ടിക്കലി മലിനപ്പെട്ടതായി കണ്ടെത്തിയ 41 വ്യവസായ ക്ലസ്റ്ററുകളിൽ കേന്ദ്ര സർക്കാരിന്റെ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരം എൻവയോൺമെന്റൽ ക്ലിയറൻസ് ആവശ്യമുള്ള വികസന പദ്ധതികൾക്കാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2010 ആഗസ്റ്റ് വരെ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. മലിനീകരണ നിയന്ത്രണത്തിനും പ്രതിരോധത്തിനും സുരക്ഷിതത്വത്തിനും ദേശീയ പ്രാധാന്യമുള്ള കാര്യങ്ങൾക്കുമായുള്ള പദ്ധതികൾക്ക് നിരോധനം ബാധകമല്ല. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ ഈ നിരോധനം മുഖാന്തിരം വികസന പദ്ധതികളൊന്നും മുടങ്ങിയതായി അറിവില്ല.

(ഡി) സംസ്ഥാനത്ത് വിശാലകൊച്ചിയിൽ ഏർപ്പെടുത്തിയ വിലക്ക് നീക്കാൻ അവിടത്തെ പരിസ്ഥിതി ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള കർമ്മ പദ്ധതി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ 13-7-10-ൽ അവതരിപ്പിക്കുകയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശാനുസരണം പുതുക്കിയ കർമ്മ പദ്ധതി 2010 ജൂലൈയിൽ തന്നെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊണ്ടുവരുന്നു. കൊച്ചി നഗരസഭയിലുണ്ടാകുന്ന ഖരമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

ബ്രഹ്മപുരത്ത് ഒരു ഖര മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുകയും, അത് പ്രവർത്തിപ്പിച്ച് വരികയും ചെയ്യുന്നു. ഇതിലൂടെ കൊച്ചി നഗരസഭയിൽ ദിനം പ്രതിയുണ്ടാകുന്ന ഏകദേശം 250-ഓളം ടൺ മാലിന്യം സംസ്കരിക്കപ്പെടുന്നു. മാലിന്യങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി കൊച്ചി നഗര സഭ ഒരു ബൈലോ തയ്യാറാക്കി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ ഖര മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിരോധിക്കുകയും മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ ശിക്ഷ നൽകുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര പദ്ധതിയായ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം 88.12 കോടി രൂപ മതിപ്പ് ചെലവ് വരുന്ന ഖരമാലിന്യ പരിപാലന പദ്ധതിയുടെ വിപുലീകരണവും കൊച്ചി നഗരസഭയിൽ നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ 9.78 കോടി രൂപ ചെലവിൽ മഴവെള്ള ഡ്രെയിനേജ് പദ്ധതിയും 78.41 കോടി രൂപ ചെലവിൽ 24 എം.എൽ.ഡി ശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റ് വിപുലീകരണവും നടപ്പിലാക്കി വരുന്നു.

ആധുനിക അറവുശാലകൾ

110 (6028) ശ്രീ. പി. കൃഷ്ണ പ്രസാദ് :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. ഹംസ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കീഴിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് എന്തുമാത്രം സ്ഥലം ആവശ്യമായി വരുമെന്ന് അറിയിക്കുമോ ;

(ബി) മത്സ്യമാർക്കറ്റിനകത്ത് പ്രവർത്തിക്കുന്ന അറവുശാലകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 20 വലിയ മൃഗങ്ങളേയും 40 ചെറിയ മൃഗങ്ങളേയും അറവു ചെയ്യാൻ സൗകര്യമുള്ള മിനി അറവുശാലസ്ഥാപിക്കുന്നതിന്, അനുയോജ്യമായ 1 ഏക്കർ സ്ഥലം മുനിസിപ്പാലിറ്റികൾക്കും 5 വലിയ മൃഗങ്ങളേയും 20 ചെറിയ മൃഗങ്ങളേയും അറവുചെയ്യാൻ സൗകര്യമുള്ള ടൈനി അറവുശാല സ്ഥാപിക്കുന്നതിന് അനുയോജ്യമായ 1/2 ഏക്കർ സ്ഥലം ഗ്രാമപഞ്ചായത്തുകൾക്കും ആവശ്യമാണ്. അറവുശാലയ്ക്ക് ആവശ്യമായ മാലിന്യ സംസ്ക്കരണ സംവിധാനം ഗ്രീൻ ബെൽറ്റ് ഉൾപ്പെടെയുള്ള എല്ലാ ഘടകങ്ങളും സ്ഥാപിക്കുന്നതിനാണ് ഇത്രയും സ്ഥലം ആവശ്യമുള്ളത്.

(ബി) മത്സ്യമാർക്കറ്റിനകത്ത് പുതിയ അറവുശാലകൾ സ്ഥാപിക്കാൻ അനുവാദം നൽകുന്നില്ല. നിലവിൽ മത്സ്യ മാർക്കറ്റിനുള്ളിൽ പ്രവർത്തിച്ചു വരുന്ന അറവുശാലകൾ നവീന അറവുശാലയായി സ്ഥലസൗകര്യമുള്ള ഇടത്തേക്ക്

LIBRARY ARCHIVES Kerala Legislative Assembly